**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4367** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഒരു കുടുംബം ഒരു സംരംഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 2022 -23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്; ഈ ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണ്; ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ? | (എ) | ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്ക് 2022-23 ലെ ബഡ്ജറ്റിൽ 700 ലക്ഷം രൂപ വകയിരുത്തിയതിൽ 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>01/04/2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന യൂണിറ്റുകൾക്കാണ് പദ്ധതി പ്രകാരം പലിശയിളവ് ലഭ്യമാകുന്നത്. 6 മാസം, 12 മാസം എന്നീ കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുക.<br><br>അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. (http://ofoe.industry.kerala.gov.in) പദ്ധതി പ്രകാരം നാളിതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല. ലഭിച്ച അപേക്ഷകൾ പ്രോസസ്സ് ചെയ്ത് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ